# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ **231**

**27.02.2017** ൽ മറുപടിക്ക്

## വിജിലൻസ് ഡി.ജി.പി.യുടെ നിയമനം

| **ചോദ്യം:** | **ഉത്തരം :** |
|---|---|
| **ശ്രീ. എം.വിൻസെന്റ്** | **ശ്രീ.പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| **(എ)** വിജിലൻസ് ഡി.ജി.പി.യായി പ്രവർത്തിച്ച വരുന്ന ഡോ. ജേക്കബ് തോമസിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 06.01.2016 നോ അതിനുശേഷമോ ചീഫ് സെക്രട്ടറിയ്ക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | **(എ)** ഉണ്ട്. അനുബന്ധം (1)-ൽ ചേർത്തിരിക്കുന്നു. |
| **(ബി)** ഇതിന്മേൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | **(ബി)** റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. |
| **(സി)** എങ്കിൽ ഏത് തീയതിക്കാണ് ചീഫ് സെക്രട്ടറി പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചത്; അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ:<br><br>**(ഡി)** ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;<br><br>**(ഇ)** ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കേണ്ട ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഡി.ജി.പി. യായി നിയമിക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ; | **(സി), (ഡി) & (ഇ)** ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ഇക്കാര്യം വിശദമാക്കി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് മറുപടി നൽകിയിട്ടുമുണ്ട്. ചട്ടപ്രകാരമാണ് ടിയാനെ വിജിലൻസ് ഡി.ജി.പിയായി നിയമിച്ചത്. |
| **(എഫ്)** പോർട്ട് ഡയറക്ടറായിരിക്കെ ഡോ. ജേക്കബ്ബ് തോമസിനെതിരായ അഴിമതി ആരോപണം സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം നടത്തിയ അന്വേഷണത്തെത്തുടർന്ന് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | **(എഫ്)** ധനകാര്യ പരിശോധനാവിഭാഗം തുറമുഖ ഡയറക്ടറേറ്റിൽ 2014, 2015 വർഷങ്ങളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് തുറമുഖ വകുപ്പിന്റെ പരിഗണനയിലാണ്. |
| **(ജി)** സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നും ഇല്ലെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ? | **(ജി)** സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ വിംഗ് തുറമുഖ വകുപ്പ് ഡയറക്ടറേറ്റിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് തുറമുഖ വകുപ്പ് പരിശോധിച്ച വരികയാണ്. |

Manoj M

**സെക്ഷൻ ഓഫീസർ**

Confidential

360/MISC/2016/CSO

No. 24010/42/99-IPS-II
Government of India/Bharat Sarkar
Ministry of Home Affairs/Grih Mantralaya

------

North Block, New Delhi-1,
Dated, 6 January, 2016

To,

**The Chief Secretary,**
Government of Kerala,
Thiruvananthapuram.

Sub: Complaint against Shri Jacob Thomas, IPS (KL: 1985) - Reg.

Sir,

With reference to your letter no. 68576/Spl.C3/2015/GAD dated 03.12.2015, I am directed to invite your attention to Rule 13 (1) (b) of AIS (Conduct) Rules, 1968 which provides that no member of the Service shall except with the previous sanction of the Government undertake any other employment. DoPT's letter no. 11017/47/2005-AIS (III) dated 27.12.2005 (copy enclosed) provides that violation of the said Rule calls for initiation of disciplinary proceedings for major penalty under Rule 6 of AIS (D&A) Rules, 1969.

2. In view of the above, the Government of Kerala is requested to clarify as to why no disciplinary action has been taken against the moS under Rule 6 of AIS (D&A) Rules, 1969 for violation of aforesaid conduct rule.

Yours faithfully,

**(G.C. Yadav)**
Consultant (Police)
Tel. No. 23093256

Encl.: As above

Section Officer